## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം **നം.2630**

**12.02.2019 -ൽ മറുപടിയ്ക്ക്**

## കാട്ടുതീ തടയുന്നതിന് താല്ക്കാലിക ജീവനക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനിൽ അക്കര : | അഡ്വ.കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) വേനൽക്കാലത്ത് വനപ്രദേശങ്ങളിൽ കാട്ടുതീ തടയുന്നതിന് താല്ക്കാലിക ജീവനക്കാരെ നിയമിക്കാറുണ്ടോ; എങ്കിൽ അവരുടെ നിയമനം എപ്രകാരമാണെന്ന് വിശദമാക്കാമോ; | (എ) വേനൽക്കാലത്ത് വനപ്രദേശങ്ങളിൽ കാട്ടുതീ തടയുന്നതിന് താല്ക്കാലിക ജീവനക്കാരെ നിയമിക്കാറുണ്ട്. പ്രസ്തുത ജീവനക്കാരെ എൻ. എം. ആർ പ്രകാരം ദിവസവേതന അടിസ്ഥാനത്തിലാണ് നിയോഗിക്കാറുള്ളത്. വനസംരക്ഷണ സമിതി അംഗങ്ങളെയും ആദിവാസി വിഭാഗത്തിൽപ്പെട്ടവരെയും വനത്തിന്റെ സമീപവാസികളെയുമാണ് ഇത്തരത്തിൽ നിയോഗിക്കാറുള്ളത്. |
| (ബി) കഴിഞ്ഞ വർഷം എത്ര താല്ക്കാലിക ജീവനക്കാരെ ഇക്കാര്യത്തിനായി നിയോഗിച്ചു; അവർക്ക് നൽകുന്ന ദിവസവേതനം എത്രയാണെന്ന് അറിയിക്കുമോ? | (ബി) കഴിഞ്ഞ വർഷം 2770 താല്ക്കാലിക ജീവനക്കാരെ ഇക്കാര്യത്തിനായി നിയോഗിച്ചു. 630/- രൂപ നിരക്കിലാണ് ദിവസ വേതനം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ